# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1802 | 7.03.2018 ൽ മറുപടിക്ക്

## ആരോഗ്യ നയത്തിന്റെ കരട് രൂപരേഖ

| ചോദ്യം<br><br>ശ്രീ.സണ്ണി ജോസഫ്<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ ആരോഗ്യ നയത്തിന്റെ കരട് രൂപരേഖയ്ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യനയത്തിൽ എന്തൊക്കെ കാര്യങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്, വിശദമാക്കുമോ; | (ബി) | 1. പകർച്ചവ്യാധികളുടെ നിയന്ത്രണം<br>2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം.<br>3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ.<br>4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.<br>5. ദ്വിതീയ തലത്തിൽ രോഗസങ്കീർണതകളുടെ നിയന്ത്രണം.<br>6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം<br>7. തൃതിയ റഫറൽ സമ്പ്രദായം നടപ്പാക്കൽ<br>8. ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ. |
| (സി) | മെഡിക്കൽ കോളേജുകൾക്കും നേഴ്സിംഗ് കോളേജുകൾക്കും സ്വയംഭരണാവകാശം നൽകുന്നതിനും മെഡിക്കൽ കോളേജുകളെ എല്ലാ സ്പെഷ്യാലിറ്റിയും സൂപ്പർ സ്പെഷ്യാലിറ്റിയും ഉള്ള റഫറൽ ആശുപത്രികളാക്കുന്നതിനും നയത്തിൽ നിർദ്ദേശം ഉണ്ടോ; വിശദമാക്കുമോ; | (സി) | പ്രവർത്തന സ്വയംഭരണം നൽകാൻ നിർദ്ദേശിക്കുന്നുണ്ട്. സങ്കീർണ്ണമായ ഭരണ നടപടി ക്രമങ്ങളും വളരെ കുറച്ച് ഭരണപരമായ സ്വാതന്ത്ര്യവും മൂലം പ്രിൻസിപ്പൽമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും മെഡിക്കൽ കോളേജ് ഭരണം കാര്യക്ഷമമായും ഫലപ്രദമായും നടത്താൻ കഴിയുന്നില്ല. എല്ലാ സർക്കാർ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകൾക്കും പ്രവർത്തന സ്വയം ഭരണം നൽകുന്നതിനും സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിനും വേണ്ടി പ്രത്യേകമായി മെഡിക്കൽ റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സ്റ്റാഫിനെയും അധ്യാപകരെയും നിയമിക്കുന്നതിനും നിലവിലുള്ള ജീവനക്കാർക്ക് താല്പര്യമുള്ള കോളേജിൽ തുടരാൻ ഓപ്ഷൻ നൽകാൻ വ്യവസ്ഥയുണ്ട്.<br><br>പി.ജി കോഴ്സുകളുടെയും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളുടെയും സീറ്റിന്റെ എണ്ണം മാനവ വിഭവശേഷിയുടെ ആവശ്യകതയ്ക്കും ലഭ്യതയ്ക്കുമനുസൃതമായി തീരുമാനിക്കുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും എം.സി.ഐ യുടെ നിബന്ധനകൾ പാലിച്ച് ആരംഭിക്കുന്നതിനും ലഭ്യമായ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുകയും ചെയ്യുന്നു. എമർജൻസി മെഡിസിൻ, ജെറിയാട്രിക്സ്, ഫാമിലി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്പോർട്ട്സ് മെഡിസിൻ, ക്ലിനിക്കൽ എംബ്രിയോളജി, റേഡിയേഷൻ ഫിസിക്സ്, ജെനറ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പുതിയ കോഴ്സുകൾ തുടങ്ങുവാനും നിർദ്ദേശമുണ്ട്.<br><br>എല്ലാ സർക്കാർ നഴ്സിംഗ് കോളേജുകളിലും ഡിഗ്രി, പി.ജി തലത്തിൽ സൈക്യാട്രി ഉൾപ്പെടെയുള്ള സ്പെഷ്യലൈസേഷനുകളിൽ വകുപ്പ് വിഭജനം അനുവദിക്കുന്നതിനും നഴ്സിംഗ് സൂപ്പർ സ്പെഷ്യാലിറ്റിയും തുടങ്ങുന്നതിനും ജനറൽ നഴ്സിംഗ് ഡിപ്ലോമയുള്ളവർക്കായി പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സും നഴ്സിംഗ് പി. എച്ച്.ഡിയും തുടങ്ങുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ